ഗവ: ഹൈസ്കൂൾ കുറുമ്പാല

# ലിറ്റിൽ ന്യൂസ്

2026 ഏപ്രിൽ

https://schoolwiki.in/150885

LK/2018/15088 MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645, PH:04936 273578 littlekites15088@gmail.com

## നൂറ്റി പതിനഞ്ചിന്റെ നിറവിൽ ജി എച്ച് എസ് കുറുമ്പാല

# വാർഷികാഘോഷവും യാത്രയയപ്പും സംഘടിപ്പിച്ചു





*കുറുമ്പാല ഗവ. ഹൈസ്കൂൾ വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും ദേശീയ വനിത ക്രിക്കറ്റ് താരം സജ്ന സജീവൻ ഉദ്ഘാടനം ചെയ്യുന്നു.*

കുപ്പാടിത്തറ: 115 വർഷങ്ങൾ പിന്നിടുന്ന കുറുമ്പാല ഗവ. ഹൈസ്കൂളിൻെറ വാർഷികാഘോഷം അതിഗംഭീരമായ പരിപാടികളോടെ അരങ്ങേറി. സ്തുത്യർഹമായ സേവനത്തിന് ശേഷം വിരമിക്കുന്ന അന്നമ്മ ടീച്ചർക്കുള്ള യാത്രയയപ്പ് ചടങ്ങ്കൂടിയായി മാറിയ ആഘോഷം നാടിൻെറ ഉത്സവമായി മാറി.ദേശീയ വനിതാ ക്രിക്കറ്റ് താരം സജനാ സജീവൻ ഉദ്ഘാടനം ചെയ്തു. പ്രധാന അധ്യാപകൻ റഷീദ് മാസ്റ്റർ ചടങ്ങിൽ സ്വാഗതം ആശംസിച്ചു.പിടിഎ വൈ. പ്രസിഡൻറ് ശ്രീനിവാസൻ കെ എസ് അധ്യക്ഷത വഹിച്ചു.ജില്ല വിദ്യാഭ്യാസ ഓഫീസർ മൻമോഹൻ സി വി (കെ എ എസ്) മുഖ്യ പ്രഭാഷണവും അന്നമ്മ ടീച്ചർക്കുള്ള ആദരിക്കലും നിർവഹിച്ചു.

ഏറ്റവും പ്രായം കൂടിയ പൂർവ്വ വിദ്യാർത്ഥിയെ ചടങ്ങിൽ ആദരിച്ചത് ശ്രദ്ധേയമായി.നൂറ്റാണ്ടിൻെറ ചരിത്രമുള്ള വിദ്യാലയത്തിൻെറ മുൻകാല ഓർമ്മകൾ പങ്കുവെക്കപ്പെട്ട നിമിഷം സദസ്സിന് വൈകാരികാനുഭവമായി.

വിവിധ മേഖലകളിൽ മികവ് തെളിയിച്ച പ്രതിഭകളെ ചടങ്ങിൽ പുരസ്കാരങ്ങൾ നൽകി ആദരിച്ചു. സ്കൂളിൻെറ അഭിമാന പ്രവർത്തനമായ എൽ.കെ. ഇല്ലുമിനേഷൻ അവാർഡ് പാർത്ഥിവ് മനോജിന് (5001 രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം) ചടങ്ങിൽ സമ്മാനിച്ചു.

സംസ്ഥാന-ജില്ലാ തലങ്ങളിൽ മികവ് തെളിയിച്ചവർക്കും 'ഹരിത വിദ്യാലയം' റിയാലിറ്റി ഷോ പ്രതിഭകൾക്കും ലിറ്റിൽ കൈറ്റ്സ് സംസ്ഥാന- ജില്ലാ ക്യാമ്പ് അംഗങ്ങൾക്കും,ബെസ്റ്റ് സ്റ്റുഡെൻറ്സ്, 'ഒരു ദിനം ഒരു അറിവ്'-വിജയികൾ, ക്ലാസ് ടോപ്പേഴ്സ്, പ്രീപ്രൈമറി ടാലൻറ് ടെസ്റ്റ് വിജയികൾ തുടങ്ങിയവർക്ക് ചടങ്ങിൽ ഉപഹാരങ്ങൾ നൽകി.

പ്രീ-പ്രൈമറി കുട്ടികളുടെ നിഷ്കളങ്കമായ പ്രകടനം മുതൽ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളുടെ സർഗ്ഗാത്മക മികവ് വരെ വേദിയിൽ തെളിഞ്ഞുനിന്നു.എൽ.പി, യു.പി, എച്ച്.എസ് വിഭാഗങ്ങളിലായി വൈവിധ്യമാർന്ന കലാപരിപാടികളാണ് അരങ്ങേറിയത്. ഇതിൻെറ ഭാഗമായി സംഘടിപ്പിച്ച സമ്മാനക്കൂപ്പൺ നറുക്കെടുപ്പും ആഘോഷത്തിന് ആവേശം പകർന്നു. അതി ഗംഭീരമായ നാടൻ പാട്ടോടെയാണ് 115-ാം വാർഷികാഘോഷങ്ങൾക്ക് തിരശ്ശീല വീണത്. രക്ഷിതാക്കൾ, അധ്യാപകർ,നാട്ടുകാർ, വിദ്യാർത്ഥികൾ,പൂർവ്വ വിദ്യാർത്ഥികൾ,പൂർവ്വ അധ്യാപകർ തുടങ്ങി വൻ ജനാവലി പരിപാടിയിൽപങ്കെടുത്തു.

*പ്രിയപ്പെട്ട കുട്ടികൾക്കും രക്ഷിതാക്കൾക്കും സ്നേഹപൂർവ്വം,*

*നമ്മുടെ വിദ്യാലയത്തിൽ മറ്റൊരു അധ്യയന വർഷം കൂടി പൂർത്തിയാക്കി നാം അവധിക്കാലത്തേക്ക് പ്രവേശിക്കുകയാണ്.പാഠപുസ്തകങ്ങൾമാറ്റിവെച്ച് കളിയും ചിരിയും സർഗ്ഗാത്മകതയുമായി ആഘോഷിക്കേണ്ട ദിനങ്ങളാണിവ. എന്നാൽ ആഘോഷങ്ങൾക്കിടയിലും ചില മുൻകരുതലുകൾ എടുക്കേണ്ടത് നമ്മുടെ സുരക്ഷയ്ക്ക് അനിവാര്യമാണ്.*

*പുറത്ത് വേനൽ കഠിനമായിക്കൊണ്ടിരിക്കുകയാണ്.അതിനാൽ സൂര്യാഘാതം ഏൽക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ വേണം.ദാഹം തോന്നിയില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിക്കണം.വേനൽക്കാലത്ത് പാമ്പുകളുടെ ശല്യം കൂടാൻ സാധ്യതയുള്ളതിനാൽ പറമ്പിലും തൊടിയിലും കളിക്കുമ്പോൾ അതീവ ജാഗ്രത പാലിക്കണം. പരിസരം എപ്പോഴും വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കുക. വീട്ടിൽ വൈദ്യുതിയുടെ ഉപയോഗം നിയന്ത്രിക്കുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കണേ.*

*അവധിക്കാലം വിജ്ഞാനപ്രദമാക്കാൻ നമ്മുടെ വിദ്യാലയം നിങ്ങളെ രണ്ട് പ്രധാന പ്രവർത്തനങ്ങളിലേക്ക് ക്ഷണിക്കുകയാണ് .*

*1-നല്ലെഴുത്ത്: അക്ഷരവടിവുകൾ മനോഹരമാക്കാനും മനസ്സിന്റെ ഏകാഗ്രത വർദ്ധിപ്പിക്കാനുമാണ് ഈ പ്രവർത്തനം. എല്ലാ തിങ്കൾ മുതൽ വ്യാഴം വരെ പാഠഭാഗങ്ങൾ മനോഹരമായി എഴുതേണ്ടതാണ്. ക്ലാസ്സ് അധ്യാപകർ ഇത് ഓൺലൈനായി നിരീക്ഷിക്കും. സ്കൂൾ വീണ്ടും തുറക്കുമ്പോൾ ഏറ്റവും മനോഹരമായി എഴുതിയ കുട്ടിയെ കാത്തിരിക്കുന്നത് ആകർഷകമായ സമ്മാനമായിരിക്കും!*

*2 വീട്ടിലൊരു പൂന്തോട്ടം: മണ്ണറിഞ്ഞും പ്രകൃതിയെ സ്നേഹിച്ചും വളരാൻ നമുക്ക് വീട്ടിലൊരു കൊച്ചു പൂന്തോട്ടം നിർമ്മിക്കാം.ചെടികൾ നടുന്നതും അവയ്ക്ക് നനയ്ക്കുന്നതും ഓരോ മുളയും പൂവും നിരീക്ഷിക്കുന്നതും നിങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും. സാമൂഹിക പ്രതിബദ്ധതയും പ്രകൃതി സ്നേഹവും വളർത്താൻ ഈ പ്രവർത്തനം നിങ്ങളെ സഹായിക്കും.*

*ഈ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളും സജീവമായി പങ്കെടുക്കുന്നുണ്ടെന്ന് രക്ഷിതാക്കൾ ഉറപ്പുവരുത്തുമെന്ന് കരുതുന്നു.സുരക്ഷിതവും സന്തോഷപ്രദവുമായ ഒരു അവധിക്കാലം എല്ലാവർക്കും ആശംസിക്കുന്നു!*

*സ്നേഹത്തോടെ,*
*അബ്ദുൾ റഷീദ് കെ*
*ഹെഡ്മാസ്റ്റർ,ജി.എച്ച്.എസ്.എസ്.കുറുമ്പാല*

## അന്നമ്മ ടീച്ചർക്ക് സ്നേഹനിർഭരമായ യാത്രയയപ്പ്




കുപ്പാടിത്തറ: ദീർഘകാലത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം വിദ്യാലയത്തിൻെറ പടിയിറങ്ങുന്ന പ്രിയ അധ്യാപിക ശ്രീമതി അന്നമ്മ ടീച്ചർക്ക് ജി.എച്ച്.എസ് കുറുമ്പാലയിൽ ഹൃദ്യമായ യാത്രയയപ്പ് നൽകി. വിദ്യാലയത്തിൻെറ 115-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രത്യേക ചടങ്ങിലാണ് സഹ പ്രവർത്തകരും വിദ്യാർത്ഥികളും രക്ഷിതാക്കളും നാട്ടുകാരും ചേർന്ന് ടീച്ചർക്ക് യാത്രാമംഗളങ്ങൾ നേർന്നത്.വയനാട് ജില്ല വിദ്യാഭ്യാസ ഓഫീസർ മൻമോഹൻ സി.വി (കെ എ എസ് ) ടീച്ചറെ ആദരിച്ചു.അധ്യാപന ജീവിതത്തിൽ ടീച്ചർ പുലർത്തിയ അർപ്പണബോധവും വിദ്യാർത്ഥികളോടുള്ള കരുതലും മാതൃകാപരമാണെന്ന് ചടങ്ങിൽ സംസാരിച്ചവർ അനുസ്മരിച്ചു.ചടങ്ങിൽ ടീച്ചർക്കുള്ള ഉപഹാര സമർപ്പണവും നടന്നു.തൻെറ ഔദ്യോഗിക ജീവിതത്തിലുടനീളം കൂടെനിന്ന സഹപ്രവർത്തകർക്കും നാട്ടുകാർക്കും വിദ്യാർത്ഥികൾക്കും അന്നമ്മ ടീച്ചർ മറുപടി പ്രസംഗത്തിൽനന്ദിരേഖപ്പെടുത്തി.




2025-26 വർഷം സംസ്ഥാന തലത്തിൽ രണ്ട് പുരസ്കാരങ്ങൾ നേടിയ (കൈറ്റ്-ഹരിത വിദ്യാലയം പുരസ്കാരം, ലിറ്റിൽ കൈറ്റ്സ് അവാർഡ്-സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം) ജി എച്ച് എസ് കുറുമ്പാലക്ക് പിടിഎ-എംപിടിഎ-എസ്എംസി കമ്മിറ്റികളുടെ ഉപഹാരം DEO നൽകുന്നു.



വിരമിക്കുന്ന അന്നമ്മ ടീച്ചർക്ക് കുപ്പാടിത്തറ SKSSF കമ്മിറ്റിയുടെ ഉപഹാരം ഷൗക്കത്ത് ഫൈസി, മമ്മൂട്ടി ഫൈസി എന്നിവർ നൽകുന്നു.



അന്നമ്മ ടീച്ചർക്ക് പിടിഎ-എംപിടിഎ-എസ്എംസി കമ്മിറ്റികളുടെ ഉപഹാരം DEO,പിടിഎ വൈ.പ്രസിഡൻറ് ശ്രീനിവാസൻ എന്നിവർ നൽകുന്നു.



ഏറ്റവും മുതിർന്ന പൂർവ്വ വിദ്യാർത്ഥി ഗോവിന്ദമാരാറെ എസ് എം സി ചെയർമാൻ ഉസ്മാൻ കാഞ്ഞായി ആദരിക്കുന്നു.

## എൽ.കെ. ഇല്ലുമിനേഷൻ അവാർഡ് വിതരണം ചെയ്തു



കുപ്പാടിത്തറ : കുറുമ്പാല ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഏർപ്പെടുത്തിയ എൽ.കെ. ഇല്ലുമിനേഷൻ അവാർഡ്-2025 പൂതാടി ശ്രീ നാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി പാർത്ഥീവ് മനോജിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മൻമോഹൻ സി വി (കെ എ എസ് ) വിതരണം ചെയ്തു. ഇബ്രാഹിം പൊന്നാര മെമ്മോറിയൽ എൻഡോവ്മെന്റായി 5001 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. 'തലമുറകളെ തകർക്കുന്ന ലഹരി' എന്ന വിഷയത്തിൽ അനിമേഷൻ മത്സരം നടത്തിയാണ് വിജയിയെ തിരഞ്ഞെടുത്തത്. കുറുമ്പാല ഗവ. ഹൈസ്കൂളിന്റെ വാർഷികാഘോഷ പരിപാടിയിൽ നടത്തിയ ചടങ്ങിൽ പി ടി എ വൈ. പ്രസിഡന്റ് ശ്രീനിവാസൻ കെ എസ് അധ്യക്ഷത വഹിച്ചു.ദേശീയ വനിത ക്രിക്കറ്റ് താരം സജന സജീവൻ, എസ് എം സി ചെയർമാൻ ഉസ്മാൻ കാഞ്ഞായി,എം പി ടി എ പ്രസിഡൻറ് റജീന മുനീർ, ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്, ലിറ്റിൽ കൈറ്റ്സ് മെൻറർമാരായ ഹാരിസ് കെ, അനില എസ്,വിജയി പാർത്ഥിവ് മനോജിൻെറ കുടുംബം,പുരസ്കാര തുക സ്പോൺസർ ചെയ്ത ഇബ്രാഹിം പൊന്നാരയുടെ കുടുംബ പ്രതിനിധികൾ, വിദ്യാർത്ഥികൾ,രക്ഷിതാക്കൾ,നാട്ടുകാർ തുടങ്ങിയവർ പങ്കെടുത്തു.ഇബ്രാഹിം പൊന്നാരയുടെ കുടുംബത്തിനുള്ള സ്ഥാപനത്തിൻെറ ഗ്രാറ്റിറ്റ്യൂഡ് ഹെഡ്മാസ്റ്റർ കുടുംബ പ്രതിനിധകൾക്ക്കൈമാറി.

## വീടുകളിലേക്ക് നീളുന്ന വിദ്യാലയത്തിൻെറ കരുതൽ!.



കുപ്പാടിത്തറ :കുറുമ്പാല ഗവ. ഹൈസ്കൂളിലെ അധ്യാപകർ കുട്ടികളുടെ വീടുകളിൽ സന്ദർശനം നടത്തി.ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകൾ ചർച്ച ചെയ്യാനും, അവർക്കാവശ്യമായ പിന്തുണ ഉറപ്പാക്കാനും അധ്യാപകർ രക്ഷിതാക്കളുമായി സംവദിച്ചു. വിദ്യാലയത്തിൻെറ അക്കാദമിക്-ഭൗതിക നേട്ടങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനൊപ്പം,കുട്ടികളുടെ സമഗ്ര വളർച്ചയ്ക്ക് രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കാനും ഈ ഗൃഹസന്ദർശനം വഴിയൊരുക്കി.പുതിയ അധ്യയന വർഷം കൂടുതൽ മികവോടെ പ്രവർത്തിക്കുന്നതിനുള്ള ആശയങ്ങൾ സമൂഹത്തിൽ നിന്ന് സ്വരൂപിക്കുക എന്നതും പ്രധാന സന്ദർശനോദ്ദേശ്യമായിരുന്നു. കേവലം ഒരു സന്ദർശനത്തിനപ്പുറം വിദ്യാലയവും വീടും തമ്മിലുള്ള ദൂരം കുറയ്ക്കാനും ഊഷ്മളമായ ഒരു ബന്ധം കെട്ടിപ്പടുക്കാനും ഈ യാത്ര സഹായിച്ചതായി അധ്യാപകർ അഭിപ്രായപ്പെട്ടു.






## ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പ്

### ജില്ലയുടെ പ്രതിനിധിയായി അഫ്സിലയും




എരണാകുളം: കൈറ്റിന്റെ (KITE) ആഭിമുഖ്യത്തിൽ കളമശ്ശേരിയൽ നടക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' സംസ്ഥാന ക്യാമ്പ് 2026-ലേക്ക് വയനാട് ജില്ലയിൽ നിന്ന് അനിമേഷൻ വിഭാഗത്തിൽ കുറുമ്പാല ഗവ. ഹൈസ്കൂളിലെ അഫ്സില പി. എം പങ്കെടുത്തു. ഏപ്രിൽ 29, 30 തീയതികളിലായി നടന്ന ഈ ഐ.ടി. സംഗമത്തിൽ ജില്ലയെ പ്രതിനിധീകരിച്ചാണ് അഫ്സില പങ്കെടുത്തത്. ജില്ലാ തല ക്യാമ്പുകളിൽ നിന്ന് മികച്ച പ്രകടനം നടത്തിയ കുട്ടികളെയാണ് സംസ്ഥാന ക്യാമ്പിലേക്ക് സെലക്ട് ചെയ്യുന്നത്.

സ്കൂൾ കുട്ടികൾക്കായുള്ള കേരളത്തിലെ ഏറ്റവും വലിയ ഐ.ടി. സംഗമമായ സംസ്ഥാന ക്യാമ്പ് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു.ആനിമേഷൻ, ഡിജിറ്റൽ മീഡിയ തുടങ്ങിയ മേഖലകളിലെ പ്രഗത്ഭരായ വ്യക്തികളുമായി നേരിട്ട് സംവദിക്കാനുള്ള അവസരം ക്യാമ്പിന്റെ ഭാഗമായി കുട്ടികൾക്ക് ലഭിച്ചു.കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, പ്രശസ്ത ആനിമേറ്റർ ഫെലിക്സ് ദേവസ്യ, സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. പ്രഹ്ലാദ് വടക്കേപ്പാട്ട് തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സംസ്ഥാനത്തെ മികച്ച പ്രതിഭകൾ മാറ്റുരയ്ക്കുന്ന ഈ വേദിയിൽ കുറുമ്പാല സ്കൂളിൽ നിന്നുള്ള ഈ നേട്ടം സ്കൂളിനും നാടിനും വലിയ അഭിമാനമായി മാറിയിരിക്കുകയാണ്.മുൻ വർഷം പ്രോഗ്രാമിംഗ് വിഭാഗത്തിൽ മുഹമ്മദ് നാഫിലും സംസ്ഥാന ക്യാമ്പിൽ പങ്കെടുത്തിരുന്നു.

## സ്റ്റാർ അംഗങ്ങളെ അനുമോദിച്ചു



കുപ്പാടിത്തറ :2025-26 അധ്യയന വർഷം ക്ലാസ് പഠന പ്രവർത്തനങ്ങളിൽ ഉർദു വിഷയത്തിൽ ഏറ്റവും കൂടുതൽ സ്റ്റാറുകൾ നേടിയ നജ ഫാത്തിമ(5B),ഷബീല ഷെറിൻ(6B),മിൻഹ ഫാത്തിമ(7B),ഷംസിയ ഫാത്തിമ(8B) എന്നീ കുട്ടികളെ ഉർദു ക്ലബ്ബിൻെറ നേതൃത്വത്തിൽ പുരസ്കാരങ്ങൾ നൽകി അനുമോദിച്ചു.

### പഠന പിന്തുണ ക്ലാസുകൾ സമാപിച്ചു

കുപ്പാടിത്തറ: 2025-26 അധ്യയന വർഷത്തെ വാർഷിക പരീക്ഷക്ക് മുപ്പത് ശതമാനത്തിന് താഴെ മാർക്ക് കുറഞ്ഞ്പോയ 5 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്കുള്ള പഠന പിന്തുണ ക്ലാസുകൾ സമാപിച്ചു.ഇവർക്കായി പ്രത്യേക പരീക്ഷയും നടത്തി.ഇതിൻെറഅടിസ്ഥാനത്തിൽ പ്രമോഷൻ ലിസ്റ്റ് മെയ് 2 ന് പ്രസിദ്ധീകരിക്കും. ഏപ്രിൽ 20 മുതൽ 27 വരെയായിരുന്ന പരിശീലന ക്ലാസുകൾ.ഇതിന് മുന്നോടിയായി എസ് ആർ ജി യോഗങ്ങളും, രക്ഷിതാക്കളുടെ പ്രത്യേക യോഗവും ചേർന്നു.

## കവിത

### ഇനി ഒരു യാത്ര.

ലക്ഷ്യത്തിലെത്താൻ നേരമില്ലെങ്കിലും
ലക്ഷ്യമുണ്ടെന്ന ചിന്തയിൽ.
അറ്റമില്ല വഴികളിൽ ഇനി എത്ര ദൂരം.
നടന്നു നോക്കാം കാലുകൾ മടുക്കും വരെ.
മനസ്സുകൾ മരവിക്കും വരെ.
ഇടയ്ക്ക് വെച്ചാരോ തണൽ തന്ന്
മറഞ്ഞിരിക്കുന്നു.
ക്ഷീണമകറ്റാൻ ഒരിത്തിരി തെളിനീരും.
വഴികളിൽ ഇടക്ക് വെച്ചാരോ
കൊളുത്തി വെച്ച റാന്തലും .
വഴി വിളക്കിൻ വെട്ടത്തിൽ കണ്ട
മുഖങ്ങളെ.
മാറുകില്ല മായുകില്ല
സ്നേഹത്തിന്റെ കരുതലിന്റെ.
മായും വരെ.
കണ്ണുകൾ താനെ അടയും വരെ.
പാതയോരങ്ങളെ
നിങ്ങളെത്ര സുന്ദരം എത്ര മനോഹരം
ഇനിയുമെത്ര ദൂരം......

അബ്ദുൾ ജലീൽ പത്തായകോടൻ
പൂർവ്വ വിദ്യാർത്ഥി



സ്കൂൾ വാർഷികാഘോഷ ചടങ്ങിൽ വിവിധ മേഖലകളിൽ പ്രതിഭ തെളിയിച്ച കുട്ടികൾക്ക് സമ്മാനിച്ച ഉപഹാരങ്ങൾ